**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 08.06.2025**

## പ്രധാനവാർത്തകൾ

1. വികസിത ഇന്ത്യയിലേക്കുള്ള യാത്രയിൽ സ്ത്രീകൾ പരിവർത്തനാത്മക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

2. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് പ്രചാരണം പുരോഗമിക്കുന്നു, ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നാളെ.

3. നിലമ്പൂർ വഴിക്കടവിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിക്ക് നാടിന്റെ അന്ത്യാഞ്ജലി; സംഭവത്തിൽ സമഗ്ര അന്വേഷണം ഉണ്ടാകുമെന്ന് മന്ത്രി എ കെ ശശീന്ദ്രൻ.

4. സംസ്ഥാനത്ത് നാളെ അർധരാത്രി മുതൽ ട്രോളിംഗ് നിരോധനം നിലവിൽ വരും.

5. കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കം.

6. ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകരാസും ഇന്ന് ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

RNUTVPM

## ഹെഡ് ലൈൻ -1

## പ്രധാനമന്ത്രി -നാരീ ശക്തി

വികസിത ഇന്ത്യയിലേക്കുള്ള യാത്രയിൽ, സ്ത്രീകൾ പരിവർത്തനാത്മക പങ്ക് വഹിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ശാസ്ത്രം, വിദ്യാഭ്യാസം, കായികം, സായുധ സേനകൾ എന്നിവയുൾപ്പെടെ എല്ലാ മേഖലകളിലും സ്ത്രീകൾ മികവ് പുലർത്തുന്നുവെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ലക്ഷക്കണക്കിന് സ്ത്രീകളെ സംരംഭകരാകാനും അവരുടെ സ്വപ്നങ്ങൾ സ്വതന്ത്രമായി പിന്തുടരാനും മുദ്ര വായ്പകൾ പ്രാപ്തരാക്കിയെന്നും ശ്രീ മോദി ചൂണ്ടിക്കാട്ടി. നിരവധി സംരംഭങ്ങളിലൂടെ, സ്ത്രീകളുടെ സുരക്ഷയിലും ശാക്തീകരണത്തിലും സർക്കാർ ശ്രദ്ധേയമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ -3

## നിലമ്പൂർ - ഷോക്കേറ്റ് മരണം

നിലമ്പൂരിൽ ഷോക്കേറ്റ് മരിച്ച വിദ്യാർത്ഥിയുടെ സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ശേഷം നടക്കും. മൃതദേഹം വഴിക്കടവ് മണിമൂളി സ്കൂളിലെ പൊതുദർശനത്തിന് ശേഷം വീട്ടിലെത്തിച്ചു. മഞ്ചേരി മെഡിക്കൽ കോളേജിലാണ് പോസ്റ്റ്മോർട്ടം നടപടികൾ പൂർത്തിയാക്കിയത്. ഇന്നലെ രാത്രിയാണ് വഴിക്കടവിൽ പത്താം ക്ലാസ് വിദ്യാർഥി അനന്തു പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന ഷാനു, യദു എന്നിവർക്കും ഷോക്കേറ്റു. പരിക്കേറ്റ കുട്ടികളിൽ ഒരാൾ നിലമ്പൂർ ജില്ലാ ആശുപത്രിയിലും മറ്റേയാൾ സ്വകാര്യ ആശുപത്രിയിലും ചികിത്സയിലാണ്. ഇരുവരും അപകടനില തരണം ചെയ്തു. വല ഉപയോഗിച്ച് മീൻ പിടിക്കുന്നതിനിടെ വെള്ളത്തിൽ നിന്ന് ഷോക്കേൽക്കുകയായിരുന്നു.

&&&&&&&&&&&&&&&&&&

RNUTVPM

## മന്ത്രി AK ശശീന്ദ്രൻ-നിലമ്പൂർ

നിലമ്പൂരിൽ വിദ്യാർഥി ഷോക്കേറ്റ് മരിച്ച സംഭവം തികച്ചും ദാരുണമെന്ന് മന്ത്രി AK ശശീന്ദ്രൻ. ഇക്കാര്യത്തിൽ സമഗ്രമായ അന്വേഷണം ഉണ്ടാകുമെന്നും വിഷയത്തിൽ വനംവകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ പരിശോധിക്കുമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. സംഭവത്തെ രാഷ്ട്രീയവൽക്കരിക്കാൻ നടത്തുന്ന ശ്രമങ്ങൾ അംഗീകരിക്കാനാവില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&&&

## നിലമ്പൂർ - വി. ശിവൻകുട്ടി

പത്താം ക്ലാസ് വിദ്യാർത്ഥി അനന്തുവിൻറെ മരണം ദാരുണവും വേദനാജനകവുമാണെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. കുട്ടിയ്ക്ക് ഷോക്കേറ്റ സംഭവത്തിൽ ഏതെങ്കിലും തരത്തിലുള്ള ഗൂഢാലോചന ഉണ്ടോ എന്നത് അന്വേഷണ ഏജൻസികൾ പരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## നിലമ്പൂർ - അറസ്റ്റ്

മലപ്പുറം വഴിക്കടവിൽ പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് വിദ്യാർഥി മരിച്ച സംഭവം ക്രൈംബ്രാഞ്ച് അന്വേഷിക്കും, ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പിക്കാണ് അന്വേഷണച്ചുമതല. സംഭവത്തിൽ വെള്ളക്കട്ട സ്വദേശി വിനീഷിനെ പോലീസ് അറസ്റ്റ് ചെയ്തു. വിനീഷിന്റെ ഫോൺ കോൾ ഉൾപ്പെടെയുള്ള വിവരങ്ങൾ അന്വേഷിക്കും. വിനീഷ് അനധികൃതമായി വൈദ്യുതി എടുത്തത് പന്നിയെ വേട്ടയാടാനാണെന്നും ഇയാൾ ഇതിന് മുമ്പും പന്നി ഇറച്ചി വിൽക്കാറുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## ഹെഡ് ലൈൻ -2

## നിലമ്പൂർ-ഉപതെരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ ചെലവ് നിരീക്ഷകൻ അംഗിത് ആനന്ദ് മലപ്പുറത്തെത്തി. സ്ഥാനാർത്ഥികളുടെ ഓരോ

RNU TVPM

ദിവസത്തെയും കണക്ക് സംബന്ധിച്ച് ഈ മാസം 10,13,17 തിയതികളിൽ അദ്ദേഹം പരിശോധന നടത്തും. ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നാളെ നടക്കും. ഈ മാസം 19 ന് വോട്ടെടുപ്പ് നടക്കും. 23 നാണ് വോട്ടെണ്ണൽ. അതേസമയം നിലമ്പൂരിൽ ഷോക്കേറ്റ് മരിച്ച അനന്തു വിജയന്റെ വീട് LDF സ്ഥാനാർത്ഥി M സ്വരാജും UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തും NDA സ്ഥാനാർഥി മോഹൻ ജോർജും ഇന്ന് രാവിലെ സന്ദർശിച്ചിരുന്നു.

&&&&&&&&&&&&&&&&&&

**<u>സമുദ്ര ദിനം (ഇൻട്രോ)</u>**

ഇന്ന് ലോക സമുദ്ര ദിനം. ഭൂമിയിലെ സമുദ്രങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിക്കാട്ടാൻ ആണ് എല്ലാ വർഷവും ജൂൺ 8 സമുദ്ര ദിനമായി ആചരിക്കുന്നത്. സമുദ്ര സമ്പത്ത് സംരക്ഷിക്കേണ്ടതിൻറെ ആവശ്യകതയെപ്പറ്റി KUFOS Aquatic Environment Management വകുപ്പ് മേധാവി Dr Anu Gopinath, ആകാശവാണിയോട്...........

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ -4</u>

**<u>ട്രോളിങ് നിരോധനം - മന്ത്രി സജി ചെറിയാൻ</u>**

സംസ്ഥാനത്ത് നാളെ അർധരാത്രി മുതൽ ട്രോളിംഗ് നിരോധനം നിലവിൽ വരും. ജൂലൈ 31 വരെ 52 ദിവസം ട്രോളിംഗ് നിരോധനം നീണ്ടു നിൽക്കും. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിനും ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമാണ് ട്രോളിംഗ് നിരോധനം നടപ്പാക്കി വരുന്നത്. ഈ കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും അനുവദിക്കുന്ന സൗജന്യ

RNU TVPM

റേഷൻ വിതരണം ഊർജ്ജിതമാക്കുമെന്ന് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

&&&&&&&&&&&&&&&&&&

<u>മഹാകുംഭാഭിഷേകം</u>

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നവീകരണത്തിന് പിന്നാലെയുള്ള മഹാകുംഭാഭിഷേകം നടന്നു. ശ്രീകോവിലിന് മുകളിൽ താഴികക്കുടങ്ങളുടെ സമർപ്പണം, വിഷ്വക്സേന വിഗ്രഹത്തിന്റെ പുനപ്രതിഷ്ഠ, തിരുവാമ്പാടി ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ അഷ്ടബന്ധ കലശം എന്നിവയാണ് ഒരുമിച്ച് നടത്തിയത്. ക്ഷേത്ര മുഖ്യ തന്ത്രി ബ്രഹ്മശ്രീ ഗോവിന്ദൻ നമ്പൂതിരിപ്പാടിന്റെ മുഖ്യ കാർമികത്വത്തിൽ ആണ് ചടങ്ങുകൾ നടന്നത് . ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, വില്വമംഗലം സ്വാമിയാർ യോഗത്ത് പോറ്റിമാർ തുടങ്ങിയവർ മുഖ്യാതിഥികൾ ആയിരുന്നു.

&&&&&&&&&&&&&&&&&&

<u>ഹെഡ് ലൈൻ -5</u>

<u>കണ്ണൂർ - കൊട്ടിയൂർ (ഇൻട്രോ)</u>

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കമാകും. രാത്രി നടക്കുന്ന നെയ്യാട്ടത്തോടയാണ് ഒരു മാസക്കാലത്തോളം നീളുന്ന വൈശാഖോത്സവത്തിന് തിരിതെളിയുക.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.......**

(വോയ്സ്)

&&&&&&&&&&&&&&&&&&

<u>സംസ്കാരം -സി പി ചാക്കോ</u>

നടൻ ഷൈൻ ടോം ചാക്കോയുടെ പിതാവ്, സി പി ചാക്കോയുടെ സംസ്കാരം നാളെ മുണ്ടൂർ പരികർമ്മല മാതാ പള്ളിയിൽ നടക്കും. മുണ്ടൂരിലെ വീട്ടിൽ ഇന്ന് വൈകുന്നേരം 4 മണി മുതൽ പൊതുദർശനം ഉണ്ടാകും. തമിഴ്നാട്ടിലുണ്ടായ

RNUTVPM

വാഹനാപകടത്തിലാണ് സി പി ചാക്കോ മരിച്ചത്. അപകടത്തിൽ ഷൈൻ ടോം ചാക്കോയ്ക്കു പരിക്കേറ്റിരുന്നു.

&&&&&&&&&&&&&&&&&&

**കെ എസ് ആർ ടി സി ടൂറിസം - ഇൻട്രോ)**

കുറഞ്ഞ ചിലവിൽ സുരക്ഷിത യാത്രകളുമായി കൊല്ലം KSRTC ടൂറിസം സെൽ. മൺസൂൺ പശ്ചാത്തലത്തിൽ കാടും, വെള്ളച്ചാട്ടങ്ങളും കാണാൻ അവസരമൊരുക്കുന്ന പദ്ധതിയിൽ ഗവി,പൊന്മുടി,കന്യാകുമാരി,വാഗമൺ തുടങ്ങി നിരവധി സ്ഥലങ്ങളിലേക്കാണ് യാത്ര ഒരുക്കിയിരിക്കുന്നത്.

**പദ്ധതിയെപ്പറ്റി കൊല്ലം KSRTC ബജറ്റ് ടൂറിസം സെൽ ജില്ലാ കോർഡിനേറ്റർ മോനായി ജി.കെ.**

(ഹോൾഡ്-വോയ്സ്)

&&&&&&&&&&&&&&&&&&

**ഹെഡ് ലൈൻ -6**

**ഫ്രഞ്ച് ഓപ്പൺ ടെന്നീസ്**

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് ഫൈനലിൽ ഇറ്റലിയുടെ യാനിക് സിന്നറും സ്പെയിനിന്റെ കാർലോസ് അൽകരാസും ഇന്ന് ഏറ്റുമുട്ടും. ഇന്ത്യൻ സമയം വൈകുന്നേരം 6.30 നാണ് മത്സരം ആരംഭിക്കുക. വനിതാ ഡബിൾസ് ഫൈനൽ മത്സരത്തിൽ സാറ എറാനി- ജാസ്മിൻ പവൊലീനി സഖ്യം അന്ന ഡാനിലിന - അലക്സാന്ദ്ര ക്രുണിച്ച് സഖ്യത്തെ നേരിടും. ഇന്നലെ നടന്ന വനിതാ സിംഗിൾസ് ഫൈനലിൽ അമേരിക്കൻ ടെന്നീസ് താരം കൊക്കോ ഗൗഫ് കിരീടം നേടി. ലോക ഒന്നാം നമ്പർ താരം അരീന സബലേങ്കയെയാണ് ഗൗഫ് പരാജയപ്പെടുത്തിയത്.

&&&&&&&&&&&&&&&&&&

**വികസിത് കൃഷി സങ്കല്പ് അഭിയാൻ**

കാർഷിക മേഖലയിലെ വിദഗ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ വിവിധ ജില്ലകളിൽ

RNU TVPM

പുരോഗമിക്കുന്നു. ക്യാമ്പയിൻ്റെ 11-ാം ദിനമായ ഇന്ന് പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൻ്റെ പരിധിയിലും സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളിലുമായി ക്യാമ്പയിൻ പുരോഗമിക്കുന്നു. ജില്ലയിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ, ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ആത്മ പത്തനംതിട്ട എന്നിവ സംയുക്തമായാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

**<u>കടുവ കുഴിയിൽ വീണു</u>**

ഇടുക്കിയിലെ വണ്ടൻമേട് കൊച്ചറ മൈലാടുംപാറയ്ക്കു സമീപം കടുവ കുഴിയിൽ വീണു. സ്വകാര്യവ്യക്തിയുടെ ഏലത്തോട്ടത്തിലെ കുഴിയിലാണ് കടുവ അകപ്പെട്ടത്. കേരള-തമിഴ്നാട് അതിർത്തിയിലാണ് സംഭവം. കടുവക്കൊപ്പം ഒരു നായയും കുഴിയിലുണ്ട്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

RIUTVPM